# വനം വന്യജീവി പഠനത്തിൽ പൗരശാസ്ത്രത്തിന്റെ പ്രസക്തി



ഡോ. എ. ബിജുകുമാർ

ജൈവവൈവിധ്യ സമ്പന്നമായ പ്രദേശങ്ങളിൽ വൈവിധ്യം രേഖപ്പെടുത്തലും നിരീക്ഷണവും സംരക്ഷണവും പരിപാലനവും (വളരെ ഫലവത്തായി) ശാസ്ത്രസമൂഹത്തിനോ ഉദ്യോഗസ്ഥർക്കോ മാത്രം നിറവേറ്റാൻ കഴിയുന്ന ഒന്നല്ല. കൂടാതെ ഇന്ത്യ പോലെയുള്ള രാജ്യങ്ങളിൽ ഇത്തരം ചിലവേറിയ പദ്ധതികൾ ഒരേ പ്രാധാന്യത്തോടെ ദീർഘകാലം നടപ്പിലാക്കാൻ സാധിക്കാറുമില്ല. പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തവും സഹകരണവും ഏറ്റവും വ്യാപകമായും ഫലവത്തായും പ്രാവർത്തികമായി വരുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. മാത്രവുമല്ല ലോകമെമ്പാടുമുള്ള പൗരശാസ്ത്ര സംരംഭങ്ങൾ, ശാസ്ത്ര ഗവേഷണത്തിന്റെ ആസ്വാദനവും അനുഭവവും ശാസ്ത്രജ്ഞർ അല്ലാത്ത വ്യക്തികൾക്കും ആകാം എന്ന് നിലയിലാണിന്ന് കാര്യങ്ങൾ ചെന്നെത്തി നിൽക്കുന്നത്. സാധാരണ പൗരന്മാർ പരമ്പരാഗത ശാസ്ത്ര-ഗവേഷണ സംവിധാനങ്ങളുടെ